പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3026 — 19-06-2018-ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയുടെ തകർച്ച

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ.സി.എഫ്.തോമസ്**<br>**ഡോ.എൻ. ജയരാജ്** | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്തെ കാർഷിക മേഖല തകർച്ച നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(എ)** കാർഷിക മേഖലയിൽ തകർച്ച നേരിടുന്നില്ല എങ്കിലും ചില പ്രതിസന്ധികൾ നേരിടുന്നുണ്ട്. സംസ്ഥാന കാർഷിക മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധിയിൽനിന്നും മുന്നോട്ട് നയിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |
| **(ബി)** കാർഷിക മേഖലയുടെ തകർച്ച സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ അടിത്തറ തകരുന്നതിന് കാരണമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | **(ബി)** കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ബാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നടപ്പാക്കിയ ആസിയാൻ കരാർ, മറ്റ് ആഗോള വ്യാപാര കരാറുകൾ എന്നിവ സംസ്ഥാനത്തെ വിളകളുടെ വിലയിടിവിന് കാരണമായിട്ടുണ്ട്. കേരളത്തിലെ പ്രധാന നാണ്യവിളകളായ റബ്ബർ, ഏലം, കുരുമുളക്, നാളികേരം (കൊപ്ര) മുതലായവയുടെ വിലയിടിവിന് ഇത്തരം സ്വതന്ത്ര വ്യാപാര കരാറുകൾ കാരണമായി. കൃഷിയുടെ മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ 5 ശതമാനത്തോളം സംഭാവന ചെയ്യുന്നത് സുഗന്ധവ്യഞ്ജന വിളകളാണ്. ആകെ കയറ്റുമതി ചെയ്യുന്ന ഹോർട്ടികൾച്ചർ വിളകളിൽ 40 ശതമാനത്തിൽ കൂടുതൽ വരുമാനം സുഗന്ധവ്യഞ്ജന വിളകളിൽ നിന്നാണ്. ഇവയുടെ വിലയിടിവ് ആഭ്യന്തര ഉല്പാദനത്തെയും തദ്ദേശ കാർഷിക മേഖലയുടെ വളർച്ചയേയും ബാധിച്ചിട്ടുണ്ട്. |
| **(സി)** എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ? | **(സി)** നാണ്യവിളകളുടെ ഇറക്കുമതി നയങ്ങൾ പുന:പരിശോധിക്കണമെന്നും സംസ്ഥാനത്തെ വിളകളെ സംരക്ഷണ പട്ടികയിൽ ഉൾപ്പെടുത്തണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

കുരുമുളക് കർഷകരുടെ താല്പര്യം സംരക്ഷിക്കുന്നതിനായി ഇതുപ്രകാരം കുരുമുളകിന്റെ കുറഞ്ഞ ഇറക്കുമതി വില കിലോഗ്രാമിന് 500/- രൂപയാക്കി കേന്ദ്ര സർക്കാർ ഉറപ്പിച്ചിട്ടുണ്ട്. കൂടാതെ കുരുമുളക് കൃഷി വികസനത്തിനായി സംസ്ഥാന സർക്കാർ സുഗന്ധവ്യഞ്ജന കൃഷി വികസന പദ്ധതി പ്രകാരം വിവിധ ഘടകങ്ങൾക്ക് ധനസഹായം നൽകുന്നു.

ഏലത്തിനും മറ്റ് സുഗന്ധവ്യഞ്ജന വിളകൾക്കുമുണ്ടായ വിലയിടിവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിനായി റബ്ബറിന് സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകി വരുന്നു. ഉല്പാദന ചെലവിന് ആനുപാതികമായി സ്വാഭാവിക റബ്ബറിന്റെ വില നിശ്ചയിക്കുന്ന കാര്യവും റബ്ബറിന് സംസ്ഥാന സർക്കാർ നൽകിവരുന്ന ഉല്പാദന ബോണസ് 150/- രൂപയിൽ നിന്നും 200/- രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ അധിക തുക ലഭ്യമാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ ദേശീയ റബ്ബർ നയം പരിഷ്കരിക്കുമ്പോൾ ചെറുകിട നാമമാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണ-മെന്നും കേന്ദ്ര സർക്കാരിന്റെ ലൈവ് ലിഹുഡ് സെക്യൂരിറ്റി ബോക്സിലും രാജ്യാന്തര വാണിജ്യ വ്യവസായ കരാറുകളിലും സ്വാഭാവിക റബ്ബറിനെ ഉൾപ്പെടുത്തണമെന്നും ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ ഫലമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ജോയിന്റ് ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഫലപ്രദമായ ചർച്ചകൾ നടന്നുവരുന്നു.

സംസ്ഥാനത്തെ കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധ വിളകളുടെ സംഭരണ പദ്ധതികൾ നടപ്പിലാക്കുന്നു. സിവിൽ സപ്ലൈസ് മുഖേന സംസ്ഥാന സർക്കാർ നെല്ല് സംഭരണം നടത്തിവരുന്നു. കൃഷി ഭവനുകൾ

മുഖേന പച്ചത്തേങ്ങാ സംഭരണ പദ്ധതിയും നടപ്പിലാക്കുന്നു. കൂടാതെ പഴം-പച്ചക്കറി കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് വിപണി ഇടപെടൽ എന്ന പദ്ധതിയിലൂടെ കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവരുടെ സഹകരണത്തോടെ ഉത്സവ സീസണുകളിൽ കർഷകരിൽ നിന്നും കൂടിയ വിലയിൽ പച്ചക്കറികൾ സംഭരിക്കുന്നു. പൊതു വിപണിയിൽ വിലയിടിവ് അനുഭവപ്പെടുന്ന മറ്റ് സന്ദർഭങ്ങളിൽ ഇത്തരത്തിൽ സർക്കാർ സംവിധാനത്തിലൂടെ കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് സംഭരണം നടത്തുന്നു.

കാർഷിക ഉല്പന്നങ്ങൾക്ക് കൂടുതൽ വില ലഭ്യമാക്കുന്നതിനായി ഉല്പന്ന സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള പദ്ധതികളും വിപണി ഉറപ്പാക്കുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു. കൂടാതെ വിവിധ വിളകളുടെ ഉല്പാദന വർദ്ധനവിനും കൃഷി വ്യാപനത്തിനുമുള്ള പദ്ധതികളും നൂതന സാങ്കേതിക വിദ്യകളുടെ പ്രചരണത്തിനുള്ള പദ്ധതികളും വിവിധ ഉല്പാദനോപാധികളുടെ വിതരണത്തിനുള്ള പദ്ധതികളും സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. നൂതന സാങ്കേതിക വിദ്യകൾ കർഷകരിലേയ്ക്ക് പകരുന്നതിനായി കമ്പ്യൂട്ടർ അധിഷ്ഠിത വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും കൃഷി വകുപ്പ് നടപ്പിലാക്കുന്നു.

**സെക്ഷൻ ഓഫീസർ**